**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550** **23-02-2026 - ൽ മറുപടിയ്ക്ക്**

**മധുരവേലി നെല്ല് ഉല്പാദക മേഖലയിലെ വോൾട്ടേജ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ആയാംകുടി മധുരവേലി പ്രദേശത്ത് പ്രവർത്തിക്കുന്ന പടിഞ്ഞാറേപ്പുറം പാടശേഖര നെല്ല് ഉല്പാദക സമിതിയുടെ പരിധിയിൽ ദീർഘകാലമായി നിലനിൽക്കുന്ന വൈദ്യുതി വോൾട്ടേജ് കുറവ് പ്രശ്നം സർക്കാരിന്റെയോ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതു സംബന്ധിച്ച് ഇതുവരെ നടത്തിയ പരിശോധനകളും കണ്ടെത്തലുകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടുത്തുരുത്തി സെക്ഷൻ പരിധിയിലെ മധുരവേലി ഭാഗത്തെ മാത്താങ്കരി നമ്പർ-2 ട്രാൻസ്ഫോർമറിൽ നിന്നും കണക്ഷൻ നൽകിയിട്ടുള്ള പടിഞ്ഞാറേപ്പുറം പാടശേഖരത്തിന്റെ മോട്ടോർ കണക്ഷനിലാണ് വോൾട്ടേജ് താഴ്ന്ന പോകുന്നതിനാൽ മോട്ടോർ പ്രവർത്തിക്കാൻ സാധിക്കുന്നില്ല എന്ന പരാതി ലഭിച്ചത്. ഈ ട്രാൻസ്ഫോമറിൽ നിന്നും മറ്റൊരു മോട്ടോർ പുരയ്ക്കും 15 ഓളം വീടുകൾക്കും കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | മധുരവേലി പ്രദേശത്തെ കൃഷിയിടങ്ങളിൽ കെ.എസ്.ഇ.ബി. കണക്ഷനിലൂടെ പ്രവർത്തിക്കുന്ന മോട്ടോറുകളും എസ്കലൈൻ എൻജിനുകളും ആവശ്യമായ വോൾട്ടേജ് ലഭിക്കാത്തതിനാൽ സ്ഥിരമായി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചിട്ടുള്ള താൽക്കാലികവും ദീർഘകാലവുമായ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ട്രാൻസ്ഫോമർ സ്റ്റേഷനിൽ നിന്നും പടിഞ്ഞാറേപ്പുറം പാടശേഖരത്തിന്റെ മോട്ടോർ പുരയിലേക്ക് 800 മീറ്റർ ലൈൻ ദൂരമുള്ളതിനാൽ വോൾട്ടേജ് കുറവ് വരുന്നതായും കൺസ്യൂമർ പ്രതിഷ്ഠാപനത്തിൽ കപ്പാസിറ്ററിന്റെ കുറവുള്ളതായും പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. പരമാവധി വോൾട്ടേജ് കുറവ് കുറയ്ക്കാനായി ടി കണക്ഷനിലെ സർവീസ് വയർ മാറ്റുകയും ലൈനിലെ എല്ലാ ബ്രിഡ്ജിങ്ങുകളും പുതുക്കി സ്ഥാപിക്കുകയും ട്രാൻസ്ഫോമറിൽ നിന്നുള്ള കേബിൾ കണക്ഷനിൽ ആവശ്യമായ മെയിന്റനൻസ് നടത്തുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. |
| (സി) | മധുരവേലി പാടശേഖര മേഖലയിലെ കുറഞ്ഞ വോൾട്ടേജ് മൂലം കർഷകർ നേരിടുന്ന ഉല്പാദന നഷ്ടവും സാമ്പത്തിക ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് അടിയന്തരമായി സാങ്കേതിക പരിഹാരങ്ങൾ (ലൈൻ അപ്ഗ്രേഡേഷൻ, ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ, പ്രത്യേക ഫീഡർ തുടങ്ങിയവ) നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം ലഭ്യമാക്കാമോ; | (സി) | കൺസ്യൂമർ പ്രതിഷ്ഠാപനത്തിൽ കണ്ട ന്യൂനതകൾ പരിഹരിക്കുവാനായി കൺസ്യൂമർക്ക് കത്ത് നല്കിയതിനെ തുടർന്ന് മോട്ടോറിന് അഡീഷണൽ കപ്പാസിറ്റർ സ്ഥാപിക്കുകയും ചെയ്തതിനാൽ നിലവിൽ വോൾട്ടേജ് കുറവ് എന്ന പ്രശ്നമില്ലാതെ മോട്ടോർ പ്രവർത്തിക്കാൻ സാധിക്കുന്നുമുണ്ട്. |
| (ഡി) | മധുരവേലി പടിഞ്ഞാറേപ്പുറം പാടശേഖര നെല്ല് ഉല്പാദക സമിതി സമർപ്പിച്ച നിവേദനം പരിശോധിച്ച്, കർഷകർക്ക് തടസ്സമില്ലാത്ത വൈദ്യുതി ലഭ്യത | (ഡി) | പടിഞ്ഞാറേപ്പുറം പാടശേഖരസമിതി സെക്രട്ടറിയുടെ ആപ്ലിക്കേഷൻ ലഭിച്ചതനുസരിച്ച് ട്രാൻസ്ഫോമർ മോട്ടോർ പുരയ്ക്ക് സമീപത്തേക്ക് |

| | | | |
|---|---|---|---|
| | ഉറപ്പാക്കുന്നതിനും ഭാവിയിൽ വോൾട്ടേജ് ക്ഷാമം ആവർത്തിക്കാതിരിക്കാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | മാറ്റിസ്ഥാപിക്കുവാനായി സ്ഥലം പരിശോധിക്കുകയും 500 മീറ്റർ ലൈൻ വലിച്ച് 160 kVA യുടെ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനായി 8,43,485/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ട്രാൻസ്ഫോർമർ മോട്ടോർ പുരയ്ക്ക് സമീപത്തേക്ക് മാറ്റി സ്ഥാപിക്കാവുന്നതാണെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ